വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ തുടങ്ങുന്നതിനുള്ള കേന്ദ്രാനുമതി

138 (204) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ തുടങ്ങുന്നതിന് കേന്ദ്രാനുമതി എന്നാണ് ലഭിച്ചത് ;

(ബി) കേന്ദ്രാനുമതി ലഭിച്ചശേഷം ഈ പദ്ധതി തുടങ്ങുന്നതിന് നാളിതുവരെ എന്തെല്ലാം ചെയ്തു ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(ഡി) അവ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് ?

ഉത്തരം

(എ) നേരത്തെയുള്ള ടെണ്ടർ നടപടികൾ റദ്ദാക്കിയതിനെ തുടർന്ന് വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ തുടങ്ങുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള പാരിസ്ഥിതിക പഠനം പൂർത്തിയാക്കി റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ച ശേഷമേ ടെർമിനൽ തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാവുകയുള്ളൂ.

(ബി) ബാധകമല്ല.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുന്നിൽ യാതൊരു ബുദ്ധിമുട്ടും തടസ്സവും ഇപ്പോഴില്ല.

(ഡി) ബാധകമല്ല.

വിഴിഞ്ഞം തുറമുഖ പദ്ധതി

139 (205) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി തുടങ്ങാൻ സർക്കാർ എന്നാണ് തീരുമാനിച്ചത് ; തീയതി സഹിതം വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly